# മലമ്പുഴ വിനോദസഞ്ചാരകേന്ദ്രം തകരാൻ അനുവദിച്ചുകൂടാ!

പാലക്കാട്: കേരളത്തിലെ ഏറ്റവും വലിയ ആഭ്യന്തര ടൂറിസ്റ്റുകേന്ദ്രവും പ്രതിവർഷം 20 ലക്ഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതുമായ മലമ്പുഴ വിനോദസഞ്ചാരകേന്ദ്രം ജലസേചന വകുപ്പിന്റേയും ഡി. റ്റി. പി. സിയുടേയും ചക്കാളത്തിപ്പോരുമൂലം സർവ്വനാശം നേരിട്ടുകൊണ്ടിരിക്കുകയാണെന്നും സർക്കാർ ഇടപെട്ട് ഇത് സംരക്ഷിക്കണമെന്നും മലമ്പുഴ പരിസ്ഥിതി സംരക്ഷണസമിതിയും ആക്ഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച പൊതുയോഗമാവശ്യപ്പെട്ടു. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലുള്ള അക്വേറിയം ഒന്നര വർഷമായി അടച്ചുപൂട്ടിയിട്ട്. മിനി സൂവും പാമ്പുവളർത്തൽ കേന്ദ്രവും അടച്ചുപൂട്ടൽ ഭീഷണിയിലാണ്. കാളിയമർദ്ദനവും ജലധാരകളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല. വൈദ്യുതദീപാലങ്കാരവുമില്ല. ജാപ്പനീസ് പാർക്ക്, നന്ദി പ്രതിമ, ടോയ് ട്രെയിൻ, പിക്നിക് ഹാൾ, റിസോർട്ടുകൾ, കുട്ടികളുടെ പാർക്ക് തുടങ്ങിയവയും നാശത്തിലാണ്. പുല്ലും കുറ്റിക്കാടും ഉദ്യാനത്തെ വിഴുങ്ങിയിരിക്കുന്നു. ചുരുക്കത്തിൽ, ഒരു പൂ പോലുമില്ലാത്ത പൂന്തോട്ടമായി, മലമ്പുഴ. അറ്റകുറ്റപ്പണി നടന്നതുമൂലം റെയിലിംഗുകളും വൈദ്യുതവയറുമൊക്കെ ദ്രവിച്ചുകഴിഞ്ഞു. പെയിന്റ് പൂശിയിട്ടുപോലും വർഷങ്ങളായി. എന്തിന് വിനോദസഞ്ചാരികൾക്കു വേണ്ട പ്രാഥമികസൗകര്യങ്ങൾ പോലും ഇല്ല. ഉദ്യാനഫണ്ടിൽ ഒന്നര കോടിയിൽപ്പരം രൂപ കെട്ടിക്കിടക്കുമ്പോഴാണ് ഈ ദുരവസ്ഥയെന്ന് യോഗം കുറ്റപ്പെടുത്തി. ജനകീയപ്രക്ഷോഭവുമായി മുന്നോട്ടുപോകാൻ യോഗം തീരുമാനിച്ചു. പി. രാജൻ അദ്ധ്യക്ഷത വഹിച്ചു. ഡോ. പി. എസ്. പണിക്കർ ഉദ്ഘാടനം നിർവഹിച്ചു. ചേറ്റൂർ രാധാകൃഷ്ണൻ, വിളയോടി വേണുഗോപാലൻ, പി. സി. ജമാൽ, പി. ഗോപാലൻ, എം. സി. സജീവൻ, എം. സന്തോഷ് തുടങ്ങിയവർ പ്രസംഗിച്ചു യോഗത്തിനുമുമ്പ് അധികാരികളുടെ അവഗണനയ്ക്കെതിരെ പ്രതിക്ഷേധപ്രകടനവുമുണ്ടായിരുന്നു. പ്രകടനത്തിൽ നൂറോളം പരിസ്ഥിതി- സാമൂഹ്യപ്രവർത്തകർ പങ്കെടുത്തു.

## എല്ലാവരുടേയും ഭൂമി പുസ്തകപ്രകാശനം

സാവിത്രി അന്തർജ്ജനത്തിന്റെ "എല്ലാവരുടേയും ഭൂമി'' എന്ന കവിതാസമാഹാരത്തിന്റെ പ്രകാശനം മെയ് 20ന് ഉച്ചയ്ക്ക് 2.30 മണിക്ക് എറണാകുളം ഗവ: ഗേൾസ് ഹൈസ്കൂളിൽ നടത്തുന്നു.

പ്രസാധകർ : എർത്ത് സൊസൈറ്റി,
കാക്കനാട്, കൊച്ചി-21,
ഫോൺ : 0484-424322